I/298087/2023

150 YEARS OF CELEBRATING THE MAHATMA

“ഭരണഭാഷ – മാതൃഭാഷ”

ഇ-മെയിൽ: director.ims@kerala.gov.in വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

S2-876/2023/DIMS

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14,

തീയതി, 14-03-2023

# സർക്കുലർ

വിഷയം:- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് – എംപാനൽഡ് ആശുപത്രികൾ റഫറൻസുമായി വരുന്ന രോഗികളിൽ നിന്നും ചികിൽസ തുക (അധിക തുക) ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 16.12.2022 – ലെ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 10-ാമത് SEC മീറ്റിംഗിലെ തീരുമാനം.
2. വിവിധ എംപാനൽഡ് ആശുപത്രികളെ സംബന്ധിച്ച ഗുണഭോക്താക്കളുടെ പരാതികൾ.

*******

ഐ.പി-കൾക്ക് സൗജന്യ ചികിൽസ നൽകാൻ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾ, റഫറൻസുമായി ചികിൽസയ്ക്ക് എത്തുന്ന രോഗികളിൽ നിന്നും (ഇ.എസ്.ഐ ഗുണഭോക്താക്കൾ) വലിയ തോതിൽ അധിക തുക ഈടാക്കുന്നതായി കാലാകാലങ്ങളായി ഐ.പി-കൾ പരാതിപ്പെട്ടുവരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളുടെ നിജസ്ഥിതി എന്തെന്ന് മനസ്സിലാക്കുന്നതിനായി, ബന്ധപ്പെട്ട ആശുപത്രികൾക്ക് കത്ത് നൽകി അന്വേഷിച്ചാൽ ഭൂരിഭാഗം ആശുപത്രികളും മറുപടി ലഭ്യമാക്കാതെ മൗനം പാലിക്കുന്നതായി കാണാൻ കഴിയും. MOU-ന്റെ ലംഘനമാണെന്ന് വ്യക്തത ഉള്ളതിനാലാണ് എംപാനൽഡ് ആശുപത്രികളുടെ ഭാഗത്ത് നിന്നും മറുപടി ഉണ്ടാകാത്തത്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ 16.12.2022-ൽ കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ വച്ച് നടന്ന ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 10-ാമത് SEC മീറ്റിംഗിൽ ഈ വിഷയം അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുകയുണ്ടായി. ഇ എസ് ഐ കോർപ്പറേഷൻ നിലവിൽ ചെയ്ത് വരുന്നത് പോലെ, സ്പെഷ്യാലിറ്റി ആശുപത്രികൾ റഫറൻസുമായി ബന്ധപ്പെട്ട് അധിക തുക ഈടാക്കിയാൽ ,അത്തരത്തിൽ അധികമായി ഈടാക്കുന്ന തുകയുടെ ബില്ലുകൾ ഐ.പി-കളിൽ നിന്നും വാങ്ങിയശേഷം, ഏത്



Generated from eOffice by JOBIN M, S2 IMS, S2 IMS, dims on 27/03/2023 09:48 AM

I/298087/2023

ആശുപത്രിയാണോ ഇത്തരത്തിൽ അധിക തുക ഈടാക്കിയത്, ആ സ്ഥാപനത്തിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് നൽകുന്ന അടുത്ത പേയ്മെന്റിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട ഐ പി യ്ക്ക് കൈമാറാനും, തുടർന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്ന പക്ഷം ഓരോ കേസും പ്രത്യേകമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ എംപാനൽഡ് ആശുപത്രികൾ MOU പ്രകാരമുള്ള ചികിൽസ ഐ.പി-കൾക്ക് നൽകേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണെന്ന് അറിയിക്കുന്നു. അല്ലാത്തപക്ഷം ആശുപത്രികൾക്ക് നൽകുന്ന തുകയിൽ നിന്നും, അധികമായി ഐ.പി-യിൽ നിന്നും ഈടാക്കിയ തുക കുറവ് ചെയ്യുന്നതാണ്. ഇനി ഏതെങ്കിലും കാരണവശാൽ അധിക ചികിൽസ അനിവാര്യമായി ചെയ്യേണ്ടതുണ്ടെങ്കിൽ റഫറൻസ് നൽകുന്ന ആശുപത്രികളുമായി ബന്ധപ്പെട്ട് ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാതെ രോഗികളുമായി (ഐ.പി) യാതൊരുതരത്തിലുമുള്ള ചർച്ചകളും പാടുള്ളതല്ലെന്നും അറിയിക്കുന്നു.

Dr.MALINI S
DIRECTOR OF INSURANCE MEDICAL SERVICES

സ്വീകർത്താവ്,

1. എല്ലാ എംപാനൽഡ് ആശുപത്രികൾക്കും

പകർപ്പ്:

1. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (മേഖലയിലെ ഡിസ്പെൻസറികൾക്കും പകർപ്പ് നൽകുക)
2. എല്ലാ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടുമാർക്കും
3. ഫയൽ / സ്റ്റോക്ക് ഫയൽ.


Generated from eOffice by JOBIN M, S2 IMS, S2 IMS, dims on 27/03/2023 09:48 AM